## 1005

1 പുത്തനാമെരൂശലേമിലെത്തും കാലമോർക്കുമ്പോൾ
ഇദ്ധരയിൻ ഖേദമെല്ലാം മാഞ്ഞുപോകുന്നേ
കഷ്ടത പട്ടിണിയില്ലാത്ത നാട്ടിൽ നാം
കർത്താവൊരുക്കുന്ന സന്തോഷവീട്ടിൽ നാം
തേജസ്സേറും മോഹന കിരീടങ്ങൾ ധരിച്ചു നാം
രാജരാജനേശുവോടു കൂടെ വാഴുമേ-

2 നീതിസൂര്യശോഭയാലന്നല്ലലിരുൾ മാറിടും
ഭീതിയുമനീതിയുമന്നില്ല ലേശവും
സന്തോഷശോഭനം ആ നല്ല നാളുകൾ
ലോകം ഭരിച്ചിടും കർത്താവിന്നാളുകൾ
ശോകം രോഗം യുദ്ധം ക്രുദ്ധജാതികളിൻ വിപ്ലവം
പോകുമെല്ലാമേശുരാജൻ ഭൂവിൽ വാഴുമ്പോൾ-

3 സത്യശുദ്ധ പാതയിൽ നടന്നു വന്ന ശുദ്ധന്മാർ
വീണ്ടെടുക്കപ്പെട്ട സർവ്വ ദൈവമക്കളും
ഉല്ലാസഘോഷമായ് സീയോനിൽ വന്നിടും
ദുഃഖം നെടുവീർപ്പും സർവ്വവും തീർന്നിടും
നിത്യ നിത്യ സന്തോഷം ശിരസ്സിൽ ഹാ! വഹിച്ചവർ
നിത്യതയ്ക്കുള്ളിൽ മറയും തീരും കാലവും- **M.E.C**